(സി) റബ്ബർ മാർക്ക് 91383018.3 രൂപയുടെ 714.7038 ടൺ ആർ.എസ്.എസ്. 4 ഗ്രേഡ് റബ്ബറും 10690882.35 രൂപയുടെ 90.2961 ടൺ ആർ.എസ്.എസ്. 5 ഗ്രേഡ് റബ്ബറും സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ് ഫെഡ് ഇതുവരെ ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള യഥാക്രമം 419.677 ടണ്ണും 2.655 ടൺ റബ്ബറും സംഭരിച്ചിട്ടുണ്ട്.

(ഡി) 2014 മാർച്ച് 3-ന് ആരംഭിച്ച സംഭരണം റബ്ബർ വാങ്ങുന്നതിനുള്ള ഫണ്ടിന്റെ അഭാവംമൂലം 31-3-2014-ൽ നിർത്തിവച്ചിരുന്നു. സർക്കാർ ഫണ്ട് ലഭ്യമാക്കിയതിനാൽ 2014 സെപ്റ്റംബർ മാസം പുനരാരംഭിച്ചു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

റബ്ബർ പ്രതിസന്ധി

167 (1583) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) റബ്ബർ പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യങ്ങളെല്ലാംതന്നെ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

റബ്ബർ സംഭരണം

168 (1584) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് തടയുവാൻ റബ്ബർ സംഭരണം നടത്തുന്നുണ്ടോ ;

(ബി) എത്ര വിലയ്ക്കാണ് ഇപ്പോൾ റബ്ബർ സംഭരിക്കുന്നതെന്നും ഇതിനകം എത്ര ടൺ സംഭരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) സംഭരണംകൊണ്ട് കർഷകർക്ക് ന്യായവില കിട്ടുന്നുണ്ടോ ; ഇല്ലെങ്കിൽ ന്യായവില ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂട്ടുതൽ നൽകിക്കൊണ്ടാണ് RSS 4, RSS 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുന്നത്. റബ്ബർമാർക്ക് ഇതിനകം 804.99 ടൺ റബ്ബറും മാർക്കറ്റ്ഫെഡ് 422.33 ടൺ റബ്ബറും സഭരിച്ചിട്ടുണ്ട്.

(സി) റബ്ബർ സംഭരണംമൂലം നിലവിലുള്ള വില താഴുപോകാതെ ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമായതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് നിവേദനത്തിലൂടെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന ആവശ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്വാഭാവിക റബ്ബറിനും മറ്റ് രൂപങ്ങൾക്കും നിലവിലുണ്ടായിരുന്ന 5 ശതമാനം വാങ്ങൽ നികുതി 20-12-2014 മുതൽ 31-3-2015 വരെ ഒഴിവാക്കിക്കൊണ്ട് 20-12-2014-ൽ വിജ്ഞാപനവും (എസ്.ആർ.ഒ. നമ്പർ 796/2014) തുടർന്ന് പ്രസ്തുത സ്കീമിന്റെ നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് 22-12-2014-ൽ സ.ഉ.(പി) നമ്പർ 207/2014/നികുതി സർക്കാർ ഉത്തരവും ആയതിൽ ചില മാറ്റങ്ങൾ വരുത്തി 21-1-2015-ലെ സ.ഉ.(പി) നമ്പർ 16/2015/നികുതി സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

റബ്ബർ സംഭരണം

169 (†1585) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാങ്ങൽ നികുതിയും ഇറക്കുമതിച്ചുങ്കവും ക്രമീകരിക്കുന്നത് സംബന്ധിച്ച വൻകിട ടയർ കമ്പനികളുടെ പ്രതിനിധികളുമായി ഉണ്ടാക്കിയ ധാരണ എന്തായിരുന്നു എന്ന് വിശദമാക്കാമോ ; 18-12-2014-ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നും തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ ;

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly